. ഭരണ ഭാഷ - മലയാള ഭാഷ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം ,

വികാസ് ഭവൻ , തിരുവനന്തപുരം

<u>ജില്ലാ മെറിറ്റ് അവാർഡ് 2023 - 2024</u>

<u>വിജ്ഞാപനം</u>

2023 മാർച്ചിൽ എസ് .എസ് .എൽ .സി / ടി .എച്.എസ് എസ് എൽ .സി സം സ്ഥാന സിലബസിൽ പഠിച്ച എല്ലാ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് നേടി വിജയിച്ച എച് .എസ്.സി / പ്ലസ് 2 /ഐടിഐ / വി എച് .എസ് .ഇ ./ പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ജില്ല മെറിറ്റ് സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നു .

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in-ൽ .Jilla Merit Award എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 15 / 7 / 2024 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ് .

1 . <u>**അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ**</u>

(എ ) . അപേക്ഷകർ 2023 മാർച്ചിൽ 'എസ് എസ് എൽ സി , ടി .എച്.എസ്. എൽ സി , സംസ്ഥാന സിലബസിൽ പഠിച്ച എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയവർ ആയിരിക്കണം .

(ബി ). അപേക്ഷകർ 2023 -2024 അധ്യയന വർഷത്തിൽ വി .എച് .എസ് . ഇ. /എച് .എസ്.സി / പ്ലസ് 2 /ഐടിഐ / പോളിടെക്നിക് കോഴ്സുകളിലേക്ക് തുടർന്ന് പഠിക്കുന്നവർ ആയിരിക്കണം .

<u>**2 .സ്കോളർഷിപ് തുക**</u>

(എ ) 2000 രൂപ (രണ്ടായിരം രൂപ )

<u>**3 .ബന്ധപ്പെട്ട മറ്റു വിവരങ്ങൾ**</u>

(എ ) അപേക്ഷകർക്ക് ഐ.എഫ് .എസ് .സി .കോഡുള്ള ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം . രക്ഷാകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ട് ഉള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള അക്കൗണ്ട് ആയി മാറ്റേണ്ടതാണ് . അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ് .

Scanned with OKEN Scanner

(ബി ) ബാങ്ക് അക്കൗണ്ട് ആധാർ നമ്പറുമായി ലിങ്ക് ചെയ്തിരിക്കണം . ആധാർ നമ്പർ ലഭ്യമായിട്ടില്ലെങ്കിൽ ഇ .ഐ .ഡി നമ്പർ നൽകിയാലും മതി .

(സി ) എസ് .സി , എസ് .റ്റി വിഭാഗത്തിൽ പെടുന്നവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും എസ് . സി .ഇ .ആർ .ടി . നൽകുന്ന സ്കോളർഷിപ്പും ഒറ്റപെൺകുട്ടിക്കായുള്ള സ്കോളർഷിപ്പും ഒഴികെ മറ്റേതെങ്കിലും സ്കോളർഷിപ്പൊ , ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല .

**4. അപേക്ഷിക്കേണ്ട രീതി**

എ ) അപേക്ഷകൾ ഓൺലൈനായി 15 -07 -2024 വരെ സമർപ്പിക്കാവുന്നതാണ് .

ഇതിനായി :-

(1) www.dcescholarship.kerala.gov.in - എന്ന വെബ് സൈറ്റിൽ Jilla Merit Award എന്ന ലിങ്കിൽ ലിങ്കിൽ ക്ലിക്ക് ചെയ്യുക .

(2 ) Apply Online ൽ ക്ലിക്ക് ക്ലിക്ക് ചെയ്യുക

(3).Selection List ൽ പേരുണ്ടോ എന്ന് നോക്കുക

(4) മറ്റ സ്കോളര്ഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate loginചെയ്യുക .

(5) അല്ലെങ്കിൽ New Registration ൽ ക്ലിക്ക് ചെയ്തു submit ചെയ്യുക

(6) സ്കോളർഷിപ്പ് പേജിൽ DMS എന്ന Tab ൽ ക്ലിക്ക് ചെയ്യുക (Year of Study എന്നിടത്ത് 1 എന്ന് രേഖപ്പെടുത്തുക)

(7 ) എസ് .എസ് .എൽ .സി . പഠിച്ച സ്കൂളിന്റെ ഡിസ്ട്രിക്ട് , സ്കൂൾ , പേര് എന്നിവ സെലക്ട് ചെയ്തു ശേഷം സ്വന്തം പേര് സെലക്ട് ചെയ്യുക

(8 ) Submit ചെയ്യുക

(9) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും Submit ക്ലിക്ക് ചെയ്യുക

(ബി) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിന് ശേഷം .View/ Print applicationൽ ക്ലിക്ക് ചെയ്തു രെജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം

(സി) രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം -5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ് .

(ഡി) വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും ,രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ ( പ്രിൻസിപ്പലോ /യൂണിവേഴ്സിറ്റിയിലെ വകുപ്പ് മേധാവികളോ )അദ്ദേഹം ചുമതലപെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ് . ( വെരിഫിക്കേഷൻ )

(ഇ ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം (അപ്പ്രൂവ്ഡ്), (അപ്പ്രൂവ് ചെയ്യാനുള്ള അവസാന തീയതി 1 8 -07 -2024 )

Scanned with OKEN Scanner

**5. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ**

ഗവണ്മെന്റ് /എയ്ഡഡ് /അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങൾ അതാത് സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണ് . സ്കോളർഷിപ്പ് അപേക്ഷകൾ ഓഫീസിലെ ഇൻസ്‌പെക്ഷൻ ടീമിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതാണ് .

**6 .സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ**

(എ )അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്

(ബി ) റ്റി .എച്.എസ് .എൽ .സി /എസ് .എസ് .എൽ. സി മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

(സി) അപേക്ഷകരുടെ സ്വന്തം പേരിൽ ഉള്ള ബാങ്ക് പാസ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ( പേര് ,അക്കൗണ്ട് നമ്പർ ,ബ്രാഞ്ച് കോഡ് ,ബ്രാഞ്ചിന്റെ അഡ്രസ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം )

(ഡി) ആധാർ കാർഡിന്റെ കോപ്പി .

**7 .അവസാന തീയതി**

(1 )ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 15 -7 -2024

(2 )ഓൺലൈൻ രജിസ്‌ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി 15 -7 -2024

(3 ) സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള (Verification and approval ) അവസാന തീയതി 18 -7 -2024

(4 ) മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ ഉത്തരവാദിത്തം സ്ഥാപന മേധാവിക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു

കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ

9447096580 , 9447069005

Signed by
Sudheer M S
Date: 05-07-2024 18:14:44

സ്കോളർഷിപ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

Scanned with OKEN Scanner